# ബി.എ / ബി.എസ് സി കോമൺ കോഴ്സ്
## മലയാള സാഹിത്യം - 3

സമയം രണ്ടര മണിക്കൂർ                                                      മാർക്ക് -80

---

**I രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്**

1,പ്രഹസനം - എന്നാലെന്ത്?
2,'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് '- എന്ന നാടകത്തിന്റെ സാമൂഹ്യപ്രസക്തി എന്ത്?
3,'എന്റെ വിധി ഫലശൂന്യമായ, ഊഷരമായ, എന്റെ ജീവിതം......
ഞാനെന്തിനിതുംപേറി കഴിയണം?' ആര് ആരോട് പറയുന്നതാണിത്?
4,ഇന്ത്യൻ നാടക സംസ്കാരത്തിൽ നിന്ന് നവീനമായ ഒരു നാടകം രൂപപ്പെടുത്തുന്നതിന് ഉദാഹരിക്കാവുന്ന ടാഗോറിന്റെ കൃതികൾ ഏതെല്ലാമാണ്?
5,തിരക്കഥ.- കുറിപ്പെഴുതുക.
6,പെരുന്തച്ചൻ- തിരക്കഥയിലെ പ്രാദേശികമായ മിത്ത് എന്തായിരുന്നു ?
7,ചലച്ചിത്രസൃഷ്ടിയിലെ മൂന്ന് ഘടകങ്ങൾ ഏവ ?
8,ആത്മകഥാ സാഹിത്യം.-ലഘുവിവരണം എഴുതുക.
9,'കണ്ണീരും കിനാവും.' എന്ന കൃതിയെ പരിചയപ്പെടുത്തുക.
10,നീലേശ്വരത്ത് നിന്ന് മുറിയിൽ കയറിയ കിട്ടൻ മാരാര് കണ്ടറിഞ്ഞ് അന്വേഷിച്ചു. എന്തായിരുന്നു അന്വേഷണം ?
11,'ഞാനൊരു ധിക്കാരത്തിന് മുതിരുകയാണ്.' ധിക്കാരമെന്തായിരുന്നു ?
12,കക്കയം ക്യാമ്പിന്റെ പ്രത്യേകതയെന്ത്?
13,എസ്.കെ പൊറ്റക്കാടിനെ പരിചയപ്പെടുത്തുക.
14,സോനാ പ്രയാഗിൽനിന്നും കേദാറിലേക്ക് പോകാവുന്ന മാർഗ്ഗങ്ങൾ ഏവ ?
15,തുംഗനാഥിൽ കണ്ട കാഴ്ചകൾ എന്തെല്ലാം ?

**II ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്**

16,'ഇത് നാടകമല്ല ജീവിതമാണ്. കോരിത്തരിപ്പിക്കുന്ന വരികൾക്ക് വലിയ സ്ഥാനമില്ല'. സൂചിതമെഴുതി വിശദീകരിക്കുക.
17,പി.എം. താജും തനത് നാടകവും. - വിശദമാക്കുക.
18,'അഭയം കൊടുക്കാൻ------- ഒന്നുമില്ലെങ്കിൽ ഒരു ആശാരിപ്പുരയെങ്കിലും ഉണ്ടാവും.' ഇങ്ങനെ പറയാനുണ്ടായ സാഹചര്യം എന്തായിരുന്നു.?
19,സംവിധായകനെ മാമോദീസ മുക്കി ചലച്ചിത്രകാരനാക്കണം. എന്ന് പറഞ്ഞത് എന്തുകൊണ്ട്?
20,'നൂറ്റാണ്ടുകളായി നിലനിന്നുപോന്ന ഈ ദുഷിച്ച സമ്പ്രദായത്തിനൊരറുതി വരുത്തുവാൻ ആർക്ക് കഴിയും'. വി.ടി ഇങ്ങനെ ചിന്തിച്ചതിന്റെ കാരണമെന്ത്?
21,സി.ജെ യെ ആദ്യം കണ്ട സന്ദർഭം റോസി തോമസ് വിവരിക്കുന്നതെങ്ങനെയാണ്?
22,'ആ വിശ്വസനീയ കേന്ദ്രം കരുണാകരൻ തന്നെയായിരുന്നു എന്ന് എനിക്ക് മനസ്സിലായി.' ഇങ്ങനെ ചിന്തിക്കാനുണ്ടായ കാരണമെന്ത്?
23,ഗുപ്തകാശിയെക്കുറിച്ച് വിവരിക്കുക.

**III ഏതെങ്കിലും രണ്ട് ചോദ്യത്തെക്കുറിച്ച് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക [2 x10 ]**

24,'ഭരതവാക്യം' എന്ന നാടകത്തിന്റെ രചനാപരമായ സവിശേഷതകൾ വിലയിരുത്തുക.
25,തന്റെ വിശ്വാസപ്രമാണങ്ങളുടെ നേരെ ഉയർത്തിയ വെല്ലുവിളികളായിരിക്കണം പെരു-
ന്തച്ചന്റെ സമനില തെറ്റിച്ചത്. പെരുന്തച്ചൻ തിരക്കഥയെ മുൻനിർത്തി പരിശോധിക്കുക.
26,ഗദ്യരചനയിലെ കാവ്യസൗന്ദര്യത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് പി. യുടെ ആത്മകഥ.
- വിശദമാക്കുക.
27,'ഹിമവാന്റെ മുകൾത്തട്ടിൽ 'എന്ന യാത്രാവിവരണ കൃതിയുടെ അന്തസത്ത ചുരുക്കി
വിവരിക്കുക.